Page 1 of 1

(സി) ഇല്ലെങ്കിൽ സാമൂഹ്യസുരക്ഷാ പെൻഷനുകൾ സംബന്ധിച്ച ഏത് നിബന്ധനയാണ് തടസ്സമായിരിക്കുന്നത് എന്ന് അറിയിക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക വിതരണം**

362 (1832) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര മാസത്തെ സാമൂഹ്യക്ഷേമ പെൻഷനുകളാണ് കുടിശ്ശികയുള്ളതെന്ന് ഇനം തിരിച്ച് വിശദമാക്കാമോ ;

(ബി) ഇത് എന്നത്തേക്ക് കൊടുത്ത് തീർക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നറിയിക്കുമോ ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെകീഴിലുള്ള വികലാംഗ പെൻഷൻ, അഗതി (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ എന്നീ പദ്ധതികളിൽ 6 മാസത്തെ കുടിശ്ശികയാണുള്ളത്. 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ കുടിശ്ശികയില്ല.

(ബി) ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്.

**സാമൂഹ്യനീതി വകുപ്പിനുകീഴിൽ നടപ്പാക്കുന്ന ക്ഷേമ പെൻഷനുകൾ**

363 (1833) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പിനുകീഴിൽ നടപ്പിലാക്കിവരുന്ന ക്ഷേമ പെൻഷനുകൾ ഏതെല്ലാമാണ് ;

(ബി) എത്ര രൂപ വീതമാണ് പെൻഷൻ നൽകുന്നത് ; എത്ര രൂപയാണ് വരുമാന പരിധിയായി നിശ്ചയിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) വികലാംഗ പെൻഷൻ, അഗതി (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവയാണ് സാമൂഹ്യനീതി വകുപ്പിനുകീഴിൽ നടപ്പിലാക്കിവരുന്ന ക്ഷേമ പെൻഷനുകൾ.

LIBRARY ARCHIVES Kerala Legislative Assembly